സംസ്ഥാനത്തിന്റെ കടം കുറയുന്നുണ്ടെന്ന് ധനമന്ത്രി

തിരുവനന്തപുരം: സർക്കാർ ധനദൃഢീകരണ പാതയിലാണെന്നും നമ്മുടെ ആകെ കടത്തിൽ കുറവ് വരുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നതെന്നും ധനമന്ത്രി കെ.എൻ. ബാലഗോപാൽ. നാലു ഗഡുക്കളായി നൽകുമെന്ന് പ്രഖ്യാപിച്ച പെൻഷൻ പരിഷ്കരണ കുടിശികയിൽ മൂന്ന് ഗഡുക്കളും നൽകി. അവസാന ഗഡുവായ 600 കോടി രൂപ മാത്രമാണ് നൽകാനുള്ളത്. ശമ്പളപരിഷ്കരണ കുടിശിക പിഎഫിൽ ലയിപ്പിക്കുന്നത് നീട്ടിവച്ചിരുന്നു. ഇതിൽ മാറ്റമുണ്ടാകില്ലെന്നും മന്ത്രി. നിയമസഭയിൽ പ്രതിപക്ഷനേതാവ് വി.ഡി. സതീശന്റെ സബ്മിഷന് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

സർക്കാർ ജീവനക്കാർക്കും സർവീസ് പെൻഷൻകാർക്കും ഒരു ഗഡു ക്ഷാമബത്ത/ക്ഷാമാശ്വാസം ഏപ്രിൽ മാസത്തെ ശമ്പള/പെൻഷനോടൊപ്പം അനുവദിച്ചിട്ടുണ്ട്. ഇവർക്ക് അർഹതപ്പെട്ട ക്ഷാമബത്തയും കുടിശികയും സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് അനുവദിക്കും. 2020-21 മുതൽ നടപ്പ് സാമ്പത്തിക വർഷം വരെ ജീവനക്കാരുടെ ആർജിത അവധി വാർഷിക സറണ്ടർ അനുവദിക്കുന്നതിൽ സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളുടെ പരിധിയിൽ നിന്നും ലാസ്റ്റ്ഗ്രേഡ് ജീവനക്കാർ (സബോർഡിനേറ്റ് സർവീസിലെ ഓഫീസ് അറ്റൻഡന്റ്മാർ ഉൾപ്പെടെ), പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാർ, മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാർ തുടങ്ങിയവരെ പൂർണമായും ഒഴിവാക്കി. ഇവർക്കും പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ഇല്ലാത്ത ജീവനക്കാർക്കും ഇപിഎഫ് (എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് സ്കീം) ന്റെ പരിധിയിൽ വരുന്ന ജീവനക്കാർക്കും ആർജിത അവധിയുടെ വാർഷിക സറണ്ടർ നിലവിൽ പണമായി അനുവദിക്കുന്നുണ്ട്. പിഎഫ് അക്കൗണ്ട് ഉള്ള ജീവനക്കാർക്ക് ഈ തുക വ്യവസ്ഥകൾക്ക് വിധേയമായി പിഎഫിൽ ലയിപ്പിക്കാം. ഈ നിയന്ത്രണങ്ങൾ ഒന്നും തന്നെ ആർജിത അവധിയുടെ ടെർമിനൽ സറണ്ടർ അനുവദിക്കുന്നതിന് ബാധകമല്ലെന്നും മന്ത്രി.

കേരളത്തിനുള്ള വിഹിതം പരിധിയില്ലാതെ വെട്ടിക്കുറയ്ക്കുന്നു

തിരുവനന്തപുരം: നികുതിവിഹിതം അടക്കം കേരളത്തിനുള്ളത് പരിധിയില്ലാതെ കേന്ദ്രസർക്കാർ വെട്ടിക്കുറയ്ക്കുകയാണെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ. വായ്പാപരിധിപോലും കേന്ദ്രം അകാരണമായി വെട്ടിക്കുറയ്ക്കുകയാണെന്നും ധനമന്ത്രി. നിയമസഭയിൽ പി. നന്ദകുമാറിന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട് മുന്നോട്ടുവയ്ക്കുന്ന കേന്ദ്രനിബന്ധനകൾ കൃത്യമായി പാലിക്കാനാണ് സംസ്ഥാനം ശ്രമിച്ചിട്ടുള്ളത്. കേന്ദ്രപദ്ധതികളിൽ അനുശാസിക്കുന്ന ബ്രാൻഡിംഗ് / നെയ്മിംഗ് മാർഗനിർദ്ദേശങ്ങൾ സംസ്ഥാനം പാലിക്കുന്നില്ല എന്ന കാരണമുയർത്തി എൻഎച്ച്എം പോലെയുള്ള പദ്ധതികളുടെ കേന്ദ്രവിഹിതം തടസപ്പെടുത്തുന്നു. സംസ്ഥാനവിഹിതം കൂടി ചെലവഴിക്കുന്ന പദ്ധതികളിൽ കോ-ബ്രാൻഡിംഗ് വേണമെന്ന ആവശ്യവും അവഗണിച്ചു. വിഴിഞ്ഞം തുറമുഖപദ്ധതിക്കായി കാപെക്സിൽ നിന്ന് വായ്പ അനുവദിക്കണമെന്ന ആവശ്യവും നിഷേധിച്ചു.

2023-24ലെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം തൻവർഷം തൊട്ട് മുമ്പുള്ള വർഷത്തെ അപേക്ഷിച്ച് ഗ്രാന്റുകളിൽ 13,000 കോടി രൂപയുടെ കുറവുണ്ട്. കഴിഞ്ഞ രണ്ടുവർഷത്തിൽ മാത്രം കടമെടുപ്പിലുണ്ടായ കുറവ് 19,000 കോടി രൂപയാണ്. യുജിസി ശമ്പളപരിഷ്കരണമടക്കം നടപ്പാക്കിയ പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം പോലും നിഷേധിക്കുകയാണ്. ദേശീയ ആരോഗ്യ മിഷന് മാത്രം ആയിരം കോടി രൂപ കിട്ടാനുണ്ട്. ആയിരം കോടിയലധികം രൂപയാണ് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കിട്ടാനുള്ളത്. സ്കൂൾ വിദ്യാഭ്യാസത്തിലടക്കം കേന്ദ്രത്തിൽ നിന്ന് കിട്ടേണ്ട വിഹിതം ലഭിക്കുന്നില്ല.

സ്കൂൾ പ്രവൃത്തി ദിവസം 220 ആക്കിയതിനെതിരെ ഹർജി

സർക്കാരിന്റെ നയപരമായ തീരുമാനമല്ലേയെന്ന് ഹൈക്കോടതി

കൊച്ചി: സ്കൂൾ പ്രവൃത്തി ദിവസം 220 ആക്കിയതിനെതിരെ ഹൈക്കോടതിയിൽ ഹർജി. അധ്യാപക സംഘടനാ പ്രതിനിധികൾ അടക്കമുള്ളവരാണ് കോടതിയെ സമീപിച്ചത്. പ്രവൃത്തി ദിവസങ്ങളുടെ എണ്ണം വർധിപ്പിച്ചത് സർക്കാരിന്റെ നയപരമായ തീരുമാനം അല്ലേയെന്ന് കോടതി ഹർജിക്കാരോട് ആരാഞ്ഞു. സ്കൗട്ടും എൻഎസ്എസും അടക്കമുള്ള വ ശനിയാഴ്ചകളിലാണ് പ്രവർത്തിക്കുന്നതെന്നും വർഷങ്ങളായുള്ള രീതിയാണ് മാറ്റിയതെന്നും ഹർജിക്കാർ അറിയിച്ചു. പ്രായോഗികമായി പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയില്ലേയെന്ന് ചോദിച്ച കോടതി സർക്കാരിന്റെ മറുപടിയ്ക്കായി ഹർജി ഒരാഴ്ചക്കുശേഷം പരിഗണിക്കാനായി മാറ്റി.

പുതിയ അധ്യയന വർഷത്തെ വിദ്യാഭ്യാസ കലണ്ടറിനെതിരെ അധ്യാപക സംഘടനകളുടെ കടുത്ത പ്രതിഷേധമാണ് ഉയരുന്നത്. കെഎസ്ടിഎ ഉൾപ്പടെയുള്ള ഭരണാനുകൂല സംഘടനകൾ പരസ്യ പ്രതികരണവുമായി രംഗത്തെത്തി. വിദ്യാഭ്യാസനിയമം പരിഗണിക്കാതെയാണ് പുതിയ കലണ്ടറെന്നാണ് അധ്യാപക സംഘടനകളുടെ പരാതി. 25 ശനിയാഴ്ചകൾ ഉൾപ്പെടെ 220 അധ്യയന ദിനം തികയ്ക്കുന്ന രീതിയിലാണ് പുതിയ കലണ്ടർ. കഴിഞ്ഞ വർഷത്തേക്കാൾ 16 ശനിയാഴ്ചകളാണ് പുതിയ കലണ്ടറിൽ പ്രവർത്തി ദിനം. ഇത് ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിന് എതിരാണെന്ന് അധ്യാപക സംഘടനകൾ ചൂണ്ടിക്കാട്ടുന്നു. സിപിഐ അധ്യാപക സംഘടന എകെഎസ് ടിയു എതിർപ്പ് പരസ്യമാക്കി രംഗത്തെത്തിയിട്ടുണ്ട്.

നിമിഷപ്രിയയുടെ മോചനത്തിന് സമാഹരിക്കേണ്ടത് മൂന്ന് കോടി

ഗോത്രത്തലവനെ കാണാൻ മാത്രം 25 ലക്ഷം വേണം

പാലക്കാട്: വധശിക്ഷയ്ക്കു വിധിക്കപ്പെട്ട് യെമനിൽ ജയിലിൽ കഴിയുന്ന മലയാളി നഴ്സ് നിമിഷപ്രിയയുടെ മോചനത്തിനായി ആശ്വാസധനം ഉടൻ സ്വരൂപിക്കണമെന്ന് പൊതുജനങ്ങളോട് അഭ്യർഥിച്ച് അമ്മ പ്രേമകുമാരി. മകളെ സംരക്ഷിക്കാനുള്ള ശ്രമങ്ങൾക്കു പിന്തുണ നൽകണമെന്നു യെമനിൽ തുടരുന്ന നിമിഷപ്രിയയുടെ അമ്മ പ്രേമകുമാരി വീഡിയോ കോൺഫറൻസ് വഴി അഭ്യർഥിച്ചു.

കൊല്ലപ്പെട്ട തലാൽ അബ്ദുമഹ്ദിയുടെ കുടുംബം ആശ്വാസധനം സ്വീകരിച്ചു നിമിഷയോടു ക്ഷമിക്കുന്നതോടെ മാത്രമേ ജയിൽമോചനം സാധ്യമാകൂ. ഏതു സമയത്തും വിധി നടപ്പിലാക്കാനുള്ള ഉത്തരവ് ഉണ്ടാകുമെന്നതിനാൽ എത്രയും വേഗം പണം സ്വരൂപിക്കണം. ആശ്വാസ ധനത്തിനും മറ്റു നടപടികൾക്കും ആവശ്യമായ മൂന്നു കോടിയോളം രൂപ അക്കൗണ്ടിലുണ്ടെന്നു ബോധ്യപ്പെടുത്തണമെന്നും ഇവർ പറഞ്ഞു.

മഹ്ദിയുടെ കുടുംബവുമായി നേരിട്ട് ചർച്ച നടത്താൻ കഴിയില്ല. അവരുടെ ഗോത്രത്തലവനേ അതിന് കഴിയൂ. അവരുമായി ചർച്ച നടത്താൻ 25 ലക്ഷം രൂപയും മോചനത്തിന് അപേക്ഷിക്കാൻ മറ്റൊരു 25 ലക്ഷം രൂപയും ഉടൻ സമാഹരിക്കേണ്ടതുണ്ട്. മകളുടെ മോചനത്തിനായി ഈ തുക എത്രയും വേഗം സമാഹരിച്ച് തരണണമെന്ന് പ്രേമകുമാരി പൊതുജനങ്ങളോട് അഭ്യർഥിച്ചു.

സേവ് നിമിഷപ്രിയ ഇന്റർനാഷനൽ ആക്ഷൻ കൗൺസിലിന്റെ അംഗങ്ങളുടെയും സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെയും നീണ്ട പരിശ്രമത്തിനൊടുവിലാണ്, ജിബൂട്ടിയിലെ ഇന്ത്യൻ എംബസി യെമൻ പൗരനായ ഒരു അഭിഭാഷകനെ നിയമിക്കുകയും നിമിഷയ്ക്ക് വേണ്ടി ചർച്ച നടത്താനും മറ്റുമായി സൗകര്യങ്ങൾ ഒരുക്കിയത്. ഏപ്രിലിലാണ് മകളെ കാണാൻ അമ്മ പ്രേമകുമാരി യെമനിലേക്ക് പോയത്.

കുവൈറ്റ് ദുരന്തത്തിൽ അനുശോചിച്ച് നിയമസഭ

തിരുവനന്തപുരം: കുവൈറ്റ് തീപിടിത്തിൽ മരിച്ചവർക്ക് അനുശോചനം രേഖപ്പെടുത്തി കേരള നിയമസഭ. സ്പീക്കർ എ.എൻ ഷംസീർ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ എന്നിവർ മരിച്ചവരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ട് അനുശോചിച്ചു. ആരോഗ്യ മന്ത്രിക്ക് കുവൈറ്റ് അനുമതി നിഷേധിച്ചതിൽ അമർഷവും രേഖപ്പെടുത്തി. കുടുംബത്തിന്റെയും നാടിന്റെയും ജീവിതം ശോഭനമാക്കാനാണ് നമ്മുടെ പ്രവാസി സഹോദരങ്ങൾ കഠിന പ്രയത്നം ചെയ്യുന്നതെന്ന് മുഖ്യമന്ത്രി അനുശോചിച്ചു. അത്തരത്തിലുള്ളവരാണ് അഗ്നിബാധയിൽ മരിച്ചത്. എന്നാൽ, ദുരന്തത്തിലകപ്പെട്ടവരുടെ മൃതദേഹം എത്തിക്കുന്നതടക്കം കാര്യങ്ങൾക്ക് കുവൈറ്റിലേക്ക് പോകാൻ നിയോഗിക്കപ്പെട്ട മന്ത്രി വീണാ ജോർജിന് കേന്ദ്രം പൊളിറ്റിക്കൽ ക്ലിയറൻസ് നിഷേധിച്ച നടപടി ഭരണ-പ്രതിപക്ഷം ഉൾപ്പടെ വിയോജിച്ചതായി മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ദുരന്തം നടന്ന ഉടനെ തന്നെ കേരള മന്ത്രിസഭ യോഗം വിളിച്ചു ചേർത്തു. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപയും കേന്ദ്ര സർക്കാർ രണ്ടു ലക്ഷം രൂപയും പ്രഖ്യാപിച്ചു.

പരിക്കേറ്റവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപയുടെ സഹായധനം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനു പുറമെ സഹായഹസ്തവുമായി എത്തിയ വ്യവയായികൾക്കും വ്യക്തികൾക്കും നന്ദി. കുടുംബാംഗങ്ങളോട് അതിയായ ദുഃഖം അറിയിക്കുകയും ചെയ്യുന്നെന്നും മുഖ്യമന്ത്രി പറഞ്ഞു. പിന്നാലെ പ്രതിപക്ഷ നേതാവും അനുശോചനം രേഖപ്പെടുത്തി. 'എല്ലാവരും നിസഹായരായി നോക്കി നിന്ന ഒരു സംഭവമാണ് കുവൈറ്റിലുണ്ടായ തീപിടിത്തം. ഒന്നും ചെയ്യാനാവാത്ത അവസ്ഥയിലായിരുന്നു എല്ലാവരും. വിമാനത്താവളത്തിൽ മൃതദേഹം ഒന്നിച്ച് കൊണ്ടുവന്ന് കിടത്തിയപ്പോൾ കണ്ട കാഴ്ച ജീവിതത്തിൽ ഒരിക്കലും മറക്കില്ല. പല കുടുംബങ്ങളും അനാഥമായിരുന്നു. നമുക്കെല്ലാവർക്കും ചേർന്ന് അവരെ ചേർത്തു പിടിക്കേണ്ടതിന്റെ ഉത്തരവാദിത്തമുണ്ട്. സംസ്ഥാന സർക്കാരിന്റെ ഒരു പ്രതിനിധിയ്ക്ക് കുവൈറ്റിലേക്ക് പോകാൻ അനുമതി നിഷേധിച്ചത് തീർച്ചയായും തെറ്റായ നടപടിയാണ്. ഒരിക്കലും പ്രോത്സാഹിപ്പിക്കാൻ പറ്റാത്തതാണ്. പ്രതിഷേധം രേഖപ്പെടുത്തുകയാണ്. മരണമടഞ്ഞവരുടെ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളുടെയും ദുഖത്തിൽ താനും പാർട്ടിയും പങ്കുചേരുന്നതായും പ്രതിപക്ഷ നേതാവ് പറഞ്ഞു.

സിപിഎം സംഘർഷത്തിന് ശ്രമിക്കുന്നു: കെ.സുരേന്ദ്രൻ

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിലെ തിരിച്ചടിയുണ്ടാക്കിയ പ്രതിസന്ധി മറികടക്കാൻ സിപിഎം സംഘർഷത്തിന് ശ്രമിക്കുകയാണെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ. സുരേന്ദ്രൻ.

കണ്ണൂരിൽ ബോംബ് സ്ഫോടനത്തിൽ വയോവൃദ്ധൻ മരിച്ച സംഭവവും തിരഞ്ഞെടുപ്പ് സമയത്ത് പാനൂരിൽ സിപിഎം പ്രവർത്തകൻ ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ടതും സമഗ്രമായി അന്വേഷിക്കണം. പാർട്ടി ഗ്രാമത്തിലാണ് രണ്ട് സംഭവങ്ങളും നടന്നത്. മയക്കുമരുന്ന് കച്ചവടം, ഗുണ്ടാ പിരിവ് എന്നിവ നടക്കുന്ന സ്ഥലത്താണ് സ്ഫോടനമുണ്ടായത്. സംഘർഷങ്ങൾ നടത്തിയവർ ഇപ്പോൾ സ്വർണ്ണക്കടത്തിലേക്കും മാഫിയ പ്രവർത്തനങ്ങളിലേക്കും പോയിരിക്കുകയാണ്. അവരെ തിരിച്ച് കൊണ്ടുവരാൻ വീണ്ടും സിപിഎം സംഘർഷമുണ്ടാക്കാൻ ശ്രമിക്കാൻ സാധ്യതയുണ്ട്. ഇതിനെ കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

പാനൂരിൽ ആരാണ് ബോംബ് സ്ഫോടനത്തിന് പിന്നിലെന്ന് പൊലീസ് അന്വേഷിച്ചില്ല. എന്തിന് വേണ്ടിയാണ് ബോംബ് നിർമ്മിച്ചതെന്ന് കണ്ടെത്താൻ സാധിക്കാത്തത് പൊലീസിന്റെ പാരാജയമാണ്. കണ്ണൂരിനെ വീണ്ടും അശാന്തിയിലേക്ക് വലിച്ചിഴയ്ക്കുകയാണ് സിപിഎം ചെയ്യുന്നത്. മുഖ്യമന്ത്രിയുടെ നാട്ടിലാണ് സമാന അക്രമ സംഭവങ്ങൾ ആവർത്തിക്കുന്നതെന്നത് മറക്കരുതെന്നും സുരേന്ദ്രൻ പറഞ്ഞു.

കേരള സംസ്ഥാന ഭാഗ്യക്കുറി FIFTY-FIFTY FF-99 DRAW RESULT 19/06/2024

ഒന്നാം സമ്മാനം ₹1 കോടി FB 425176 (PATHANAMTHITTA)

സമാശ്വാസ സമ്മാനം ₹8000: FA 425176 FC 425176 FD 425176 FE 425176 FF 425176 FG 425176 FH 425176 FJ 425176 FK 425176 FL 425176 FM 425176

രണ്ടാം സമ്മാനം ₹10 ലക്ഷം FE 710268 (MANANTHAVADY)

മുടങ്ങാതെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

മൂന്നാം സമ്മാനം ₹5000: 0007 0055 0290 0546 0825 0839 1085 2722 2938 3929 4027 4144 4157 4292 4459 4794 5983 6475 7959 8114 8815 9167 9860

നാലാം സമ്മാനം ₹2000: 1101 2530 3065 3541 3545 5942 6662 7444 7630 8077 8906 9938

അഞ്ചാം സമ്മാനം ₹1000: 0928 1314 1921 2054 2325 2467 2571 3793 3815 3983 4125 5328 6025 6217 6273 6276 6298 8134 8289 8565 8820 9036 9460 9611

ആറാം സമ്മാനം ₹500: 0001 0094 0147 0182 0284 0339 0382 0668 0773 1235 1241 1431 1559 1676 1677 1686 1791 1834 1969 2087 2240 2266 2291 2447 2524 2629 2689 2835 2904 3113 3135 3157 3176 3316 3324 3335 3448 3557 3866 3888 3899 4097 4217 4320 4395 4420 4470 4746 4954 5038 5050 5164 5306 5397 5403 5662 5858 5902 5925 5988 6150 6165 6173 6531 6532 6541 6618 6754 6956 7130 7258 7766 7886 7925 7977 8026 8299 8426 8561 8838 8862 8924 8968 8970 9027 9186 9211 9247 9293 9317 9358 9424 9660 9682 9744 9818

ഏഴാം സമ്മാനം ₹100: 0060 0064 0083 0180 0363 0377 0430 0547 0566 0569 0830 0867 0906 0916 0918 0976 1012 1013 1014 1181 1183 1274 1275 1328 1364 1414 1427 1468 1497 1502 1508 1863 1866 1874 2000 2172 2225 2236 2257 2285 2326 2473 2481 2543 2547 2742 2805 2968 3019 3070 3199 3249 3325 3411 3522 3556 3711 3724 3784 4046 4130 4167 4168 4207 4295 4469 4593 4710 4713 4758 4760 5000 5037 5085 5107 5149 5385 5429 5459 5608 5699 5850 5922 5992 6163 6250 6258 6449 6499 6526 6550 6591 6619 6721 6775 6939 6987 7075 7242 7304 7351 7489 7781 7806 7834 7866 7938 7996 8038 8070 8102 8129 8262 8776 8869 8928 8975 9089 9164 9180 9224 9467 9717 9729 9908 9934

മെഡിസെപ്പിന്റെ പേരിൽ

പ്രതിപക്ഷ നേതാവും ധനമന്ത്രിയും നേർക്കുനേർ

തിരുവനന്തപുരം: ജീവനക്കാരുടെ ഇൻഷുറൻസ് പദ്ധതിയായ മെഡിസെപ്പിൽ നിന്ന് സംസ്ഥാന സർക്കാർ 300 കോടി രൂപ ലാഭമെടുക്കുന്നെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. ആക്ഷേപം തികച്ചും വാസതവ വിരുദ്ധമാണെന്ന് കണക്കുകൾ നിരത്തി ധനമന്ത്രി കെ.എൻ. ബാലഗോപാലിന്റെ മറുപടി. വി.ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് ധനമന്ത്രി നൽകിയ മറുപടിയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

മെഡിസെപ് പദ്ധതിയുടെ വിഹിതം ജീവനക്കാരിൽ നിന്നും വാങ്ങി സർക്കാർ ലാഭമുണ്ടാക്കുന്നതല്ലാതെ പദ്ധതിയുടെ ആനുകൂല്യം പ്രധാനപ്പെട്ട രോഗങ്ങൾക്കൊന്നും കിട്ടുന്നില്ലെന്നും നല്ല ആശുപത്രികൾ പോലും മെഡിസെപിന്റെ ലിസ്റ്റിലില്ലെന്നുമായിരുന്നു പ്രതിപക്ഷ നേതാവിന്റെ ആക്ഷേപം. മെഡിസെപ്പിൽ പ്രതിമാസം 500 രൂപയാണ് ജീവനക്കാരിൽ നിന്ന് പ്രീമിയമായി സമാഹരിക്കുന്നതെന്നും 97 ശതമാനം ക്ലെയ്മുകളും അംഗീകരിച്ചിട്ടുണ്ടെന്നും മന്ത്രിയുടെ മറുപടി. ഇൻഷുറൻസ് കമ്പനിക്ക് നൽകുന്ന പ്രീമിയം തുകയേക്കാൾ കൂടുതൽ തുകയാണ് ക്ലെയ്മായി അനുവദിക്കുന്നത്. ജീവനക്കാരിൽ നിന്ന് സമാഹരിക്കുന്ന പ്രീമിയം തുകയിൽ ഒരു രൂപ പോലും സർക്കാർ എടുക്കുന്നില്ല. അവയവ മാറ്റം അടക്കമുള്ള അതീവ ഗുരുതരരോഗങ്ങൾക്കായി പ്രത്യേക ഫണ്ട് മെഡിസെപ്പിന്റെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്. വർഷം 31 കോടി രൂപയായിരുന്നു ഇതിൽ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഈ തുകയും കവിഞ്ഞുള്ള ക്ലെയ്മുകളാണ് അനുവദിക്കുന്നതെന്നും മന്ത്രി.

മൂന്നാർ പട്ടയ വിതരണം,

ഉദ്യോഗസ്ഥർ പരാജയമെന്ന് അമിക്കസ് ക്യൂറി

കൊച്ചി: മൂന്നാറിൽ വ്യാജ രേഖയുണ്ടാക്കി നിരവധി തട്ടിപ്പുകൾ നടത്തിയെന്ന് ഹൈക്കോടതിയുടെ നിരീക്ഷണം. പട്ടയവിതരണത്തിലെ വിവരശേഖരണത്തിൽ ഉദ്യോഗസ്ഥർ പരാജയപ്പെട്ടുവെന്ന് അമിക്കസ് ക്യൂറി കോടതിയെ അറിയിച്ചു. പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെ ആരും ഒന്നും പരിശോധിക്കുന്നില്ല. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ കീഴിൽ സ്പെഷ്യൽ ഓഫീസറെ നിയമിക്കണമെന്നും അമിക്കസ് ക്യൂറി ആവശ്യപ്പെട്ടിട്ടുണ്ട്. മൂന്നാറിലും പരിസരത്തുമുള്ള നിർമാണങ്ങൾ നിയന്ത്രിക്കണമെന്നും വ്യക്തമാക്കി.

ഇതുമായി ബന്ധപ്പെട്ട് കോടതിക്ക് പരിമിതികളുണ്ടെന്നും സർക്കാരാണ് ഇത്തരം കാര്യങ്ങൾ ചെയ്യേണ്ടതെന്നും കോടതി ചൂണ്ടിക്കാട്ടി. ഇത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. അനധികൃത നിർമാണങ്ങൾ തടയാനുള്ള മുൻ ഉത്തരവുകൾ എന്തുകൊണ്ട് നടപ്പിലായില്ലെന്നും കോടതി ചോദിച്ചു. ഇതിന്റെ കാരണവും ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കാത്തതും സർക്കാർ വിശദീകരിക്കണം. മൂന്നാർ വിഷയം പിന്നീട് പരിഗണിക്കാനായി ഹൈക്കോടതി മാറ്റിവെച്ചു.

മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങളിൽ സംസ്ഥാന സർക്കാരിനെതിരെ ഹൈക്കോടതി നേരത്തെ രൂക്ഷവിമർശനം ഉന്നയിച്ചിരുന്നു. വ്യാജ പട്ടയങ്ങൾ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ എന്തുനടപടി എടുത്തെന്ന് ഡിവിഷൻ ബെഞ്ച് ചോദിച്ചിരുന്നു. കേസിൽ സിബിഐയെ കക്ഷി ചേർക്കുമെന്നും കോടതി വ്യക്തമാക്കിയിരുന്നു. വ്യാജ പട്ടയങ്ങൾക്ക് പിന്നിൽ ഉദ്യോഗസ്ഥ- മാഫിയ സംഘമുണ്ടെന്നും വലിയ അഴിമതി നടന്നിട്ടുണ്ടെങ്കിലും കേസുകളിൽ ഒന്നിലും അഴിമതി നിരോധന പ്രകാരമുള്ള കുറ്റം ചുമത്തിയില്ലെന്നും നേരത്തെ കോടതി പറഞ്ഞിരുന്നു. പല ഭൂമി കയ്യേറ്റ കേസുകളിലും സർക്കാരിന് തിരിച്ചടി ഉണ്ടായിട്ടും അതിൽ അപ്പീൽ പോലും നൽകാതെ സർക്കാർ മുന്നോട്ടുപോകുകയാണെന്നും ഡിവിഷൻ ബെഞ്ച് വിമർശിച്ചു.

മൂന്നാറിലെ രവീന്ദ്രൻ പട്ടയങ്ങളുമായി ബന്ധപ്പെട്ട് മുൻ തഹസിൽദാർ എം.ഐ. രവീന്ദ്രനെതിരെ എന്തുനടപടി എടുത്തെന്നും കോടതി സർക്കാരിനോട് ചോദിച്ചിരുന്നു. മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങളിൽ 42 കേസുകൾ ക്രൈംബ്രാഞ്ചും 24 എണ്ണം വിജിലൻസും ആണ് അന്വേഷിക്കുന്നത്. ഈ കേസുകളിലാണ് ഹൈക്കോടതി കടുത്ത അതൃപ്തി പ്രകടിപ്പിച്ചിരുന്നത്.

Classifieds...

Discalimer: ഈ പത്രത്തിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളോടു പ്രതികരിക്കുന്നതിനു മുമ്പ് അതിന്റെ സത്യാവസ്ഥയും അധികാരികതയും പരിശോധിക്കുകയും അവശ്യമായ അന്വേഷണങ്ങൾ നടത്തി സ്വയം തൃപ്തരാവുകയും വേണമെന്ന് വായനക്കാരോട് അഭ്യർഥിക്കുന്നു. പത്രത്തിന്റെ ഉടമസ്ഥരായ വാർത്ത ന്യൂസ് നെറ്റ്‌വർക്ക് പ്രൈവറ്റ് ലിമിറ്റഡ് ഏതെങ്കിലും പരസ്യത്തിന്റെയോ പരസ്യദാതാവിന്റെയോ, പരസ്യത്തിലുള്ള ഉത്പന്നങ്ങളുടെയോ, സേവനങ്ങളുടെയോ അധികാരിത സംബന്ധിച്ച് ഉറപ്പുനൽകുന്നില്ല. ഈ ദിനപത്രത്തിലെ പരസ്യങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും അവകാശവാദങ്ങൾക്കോ നഷ്ടങ്ങൾക്കോ ഒരു കാരണത്താലും പത്രത്തിന്റെയോ കമ്പനിയുടെയോ ഉടമസ്ഥർ, പ്രസാധകർ, പ്രിന്റർ, പത്രാധിപർ, ഡയറക്റ്റർമാർ, തൊഴിലാളികൾ ഉത്തരവാദികളോ ബാധ്യസ്ഥരോ ആയിരിക്കുന്നതല്ല

ശ്രീ ആഞ്ജനേയ ജ്യോതിഷാലയം ആഞ്ജനേയം, ഇടപ്പള്ളി കൃഷ്ണണ്ണന് ജാതകം, പ്രശ്നം, താംബൂലം, സംഖ്യാ ശാസ്ത്രം, വാസ്തു എന്നിവയ്ക്ക് സമീപിക്കുക ദേവന്ത്ര ദേവി ക്ഷേത്രത്തിൽ ചൊവ്വ മുതൽ വെള്ളി വരെ 9AM to 1.30 PM MOB: 8089493061, 9847477614 Email: cjkrishnadas1@gmail.com

HAPPY HOME Home Care Services വീട്ടുജോലി ഹോം നെഴ്സിങ് ജോലികൾക്കും ജോലിക്കാരെ ആവശ്യമുള്ളവരും വിളിക്കുക +91 8281412148 +91 8281764541

CENTRE FOR LIFE SKILLS ഇൻട്രോവേർട്ട് ആണോ സ്റ്റേജ് ഫിയർ ഉണ്ടോ ആങ്കറിംഗ് പഠിക്കണോ? വെറും 21 ദിവസംകൊണ്ട് നിങ്ങൾക്കും പബ്ലിക്ക് സ്പീക്കറാവാം (ഗ്യാരന്റീഡ്) All Age Group (Online & Off Line) ANCHOR'S WORD South Janatha Jn. Palarivattam PH: 79949 61130, 97469 31277 www.lifecoachdeepadivaakar.com

MARY MATHA FOREIGN LANGUAGE STUDY CENTRE Courses Offered * GERMAN * FRENCH * OET, IELTS Morning, Evening & Regular Batch SIJO KANACHERRY 9447658732 Salim Complex, Near Abhinaya Theatre Changanassery

CITIZEN GENTS HOSTEL AYYAPPANKAVU PH: 0484 3528954, 3503368 MOB: 6238853717 NEW CITIZEN LADIES HOSTEL KALOOR PH 0484 3539691 90372 10131, 62823 25882 NEW MARY MATHA LADIES HOSTEL SAN JUAN TOWER PH 0484 4027749 MOB: 98952 79710, 62352 79710

ആതുര ശുശ്രൂഷ ജോലിയാക്കൂ. സ്ഥിര വരുമാനം നേടൂ!! Senior Care Nursing പഠിക്കൂ... ഇന്ത്യയിലും വിദേശത്തും ജോലിനേടൂ Certificate in Geriatric Care CGC+ IELTS COMPO OFFER Eligibility: 10th Pass & Above Short Term Courses Suitable Timings എല്ലാ മാസവും പുതിയ ബാച്ചുകൾ ആരംഭിക്കുന്നു +91 90370 66788 CARMEL ACADEMY Carmel Academy Opp. Welcare Hospital, Vyttila, Kochi 0484 2304466, 9037066788

Enviro Machines & Systems committed to preserve water Environmental Consultants. Water and waste water treatment plant supplies 16/107, Mepurath Tower, Near Standard School, Companypadi, Aluva-6, enviromasis@rediffmail.com www.enviromasys.com Mob: 9745608799, 9447296456, Ph: 0484-2624999

REGISTER For Free DEMO SESSION 9847884784 | 9207702220 CYNOSURE 2004 100% RES